**ഒരു ദശാബ്ദത്തിന് ശേഷം പുതിയ ജലനയത്തിന്റെ കരട് കേന്ദ്രസർക്കാർ പുറത്ത് വിട്ടിരിക്കുകയാണ്. 25 വർഷത്തിനിടയിലെ മൂന്നാമത്തെ ജലനയം. 1987ലെയും 2002ലെയും ജലനയങ്ങളിൽ നിന്നും വിഭിന്നമായി ജലത്തെ ഒരു ചരക്കാക്കി കണക്കാക്കുന്നതാണ് 2012 ലെ കരട് ജലനയമെന്ന് പല കോണുകളിൽ നിന്നും വിമർശനം ഉയർന്നിട്ടുണ്ട്. ജലത്തിന് വിലയിടുന്നതിനും സ്വകാര്യവത്കരിക്കുന്നതിനും ഊന്നൽ നൽകുന്ന കേന്ദ്ര ജലനയം 2012ന്റെ കരട് രേഖയെ വിമർശനാത്മകമായി വിലയിരുത്തുന്നു**

**ഡോ. വി.എസ്. വിജയൻ**

# ജലനയം: പൊതുവിഭവം വിൽപനച്ചരക്കാകുമോ?

**ഇരുപത്തഞ്ച്** വർഷത്തിനിടയിലെ കേന്ദ്രസർക്കാരിന്റെ മൂന്നാം ജലനയം വ്യക്തമാക്കുന്നത് മുൻനയങ്ങൾ രണ്ടും ഉദ്ദേശിച്ചപോലെ ഫലവത്തായില്ല എന്നാണ്. അതല്ലെങ്കിൽ വെല്ലുവിളികളെ തരണം ചെയ്യാൻ ചില കടുത്ത മാറ്റങ്ങൾ ഇപ്പോൾ ആവശ്യമായി വന്നിരിക്കണം. ജലനയം 2012, മുൻ ജലനയങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നില്ലെന്നു മാത്രമല്ല അവയെപ്പറ്റി പരാമർശിക്കുകപോലും ചെയ്യാതിരുന്നത് അത്ഭുതമായിരിക്കുന്നു. നയത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഒന്നും പ്രസ്താവിക്കാതിരുന്ന സ്ഥിതിക്ക് ആമുഖത്തിൽ അത് വ്യക്തമാക്കണമായിരുന്നു. ജലത്തെ ഉല്പന്നമായി കണക്കാക്കാനും അതിനു വിലയിടാനും ആവർത്തിക്കുന്ന ജലനയം ജലസംബന്ധമായ കാര്യങ്ങൾ നടപ്പിലാക്കാൻ രാഷ്ട്രത്തെ 'സേവനദാതാവായല്ല' മറിച്ച് 'സേവനനിയന്ത്രകനായി' കണക്കാക്കണമെന്നും പറയുന്നു. ജലസംബന്ധസേവനങ്ങളെല്ലാം സാമൂഹ്യ/സ്വകാര്യമേഖലക്ക് കൈമാറണമെന്നും ശഠിക്കുന്നു. വെള്ളത്തിന്റെ വില നിശ്ചയിക്കുന്നത്, സാമ്പത്തിക തത്വങ്ങൾക്ക് അധിഷ്ഠിതമായിരിക്കണമെന്ന് പറയുന്ന ഈ ജലനയം കേന്ദ്രസർക്കാരിന്റെ പൊതുനയങ്ങളുടെ തുടർച്ചയായി ജലത്തെയും സ്വകാര്യവത്കരിക്കുന്നതിനുവേണ്ടി മാത്രമാണ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്.

## വിലയിരുത്തലുകൾ

1. പരിസ്ഥിതിക്കും ജീവസന്ധാരണത്തിനും ജലം ഉറപ്പാക്കുന്നു എന്നതാണ് നയത്തിലെ പ്രധാന അനുകൂല ഘടകം.
2. സാമൂഹ്യ/സ്വകാര്യ – പൊതുപങ്കാളിത്തത്തിലൂടെ ക്രയവിക്രയം ചെയ്യപ്പെടുകയും വിലയിടുകയും ചെയ്യുന്ന ഒരു സാമ്പത്തികോല്പന്നമാണ് ജലം എന്നു വിവക്ഷിക്കുന്നതാണ് നയത്തിലെ പ്രതികൂല ഘടകം.
3. രാജ്യത്തുടനീളം ജലസ്രോതസ്സുകൾ പരിരക്ഷിക്കാനുള്ള ഒരു ദേശീയ പദ്ധതിയു

പരിഭാഷ: അജിതൻ

ടെ അഭാവമാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത.

4. ജലനയത്തിൽ ഏറ്റവും തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് വ്യവസായ സ്ഥാപനങ്ങളെയാണ്.

5. രാജ്യത്തെമ്പാടും വിജയകരമായി നടന്നുവരുന്ന വെള്ളത്തിന്റെ സംഭരണം, വിതരണം എന്നിവ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നതിൽ നയം പരാജയപ്പെട്ടിരിക്കുന്നു.

6. ജലനയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വൈകല്യം ജീവസന്ധാരണത്തിൽ വെള്ളത്തിന്റെ ഒഴിച്ചുകൂടാനാകാത്ത പങ്ക് അടയാളപ്പെടുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ്. ജലനിർവഹണം ഒരു കാരണവശാലും സ്വകാര്യ ഭൂമേഖലയെ ഏൽപ്പിക്കാവുന്നതല്ല. ദരിദ്രരിൽ ദരിദ്രരായ, രാജ്യത്തെ ഭൂരിഭാഗത്തിനും വെള്ളം അപ്രാപ്യമാകുന്ന; വെള്ളത്തിനു വേണ്ടിയുള്ള മത്സരം മുറുകികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രത്യേകിച്ചും.

### നിർദ്ദേശങ്ങൾ

1. *ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനായി ഒരു ദേശീയ മിഷൻ തുടങ്ങുന്നതിനെക്കുറിച്ച് :-*

ജനക്ഷേമത്തെ മുന്നിൽകണ്ട് രൂപം കൊടുക്കേണ്ട ഏതൊരു ജലനയവും, നദി, അരുവികൾ, തണ്ണീർത്തടങ്ങൾ, കുളങ്ങൾ, തടാകങ്ങൾ, ചിറകൾ തുടങ്ങിയ ജലത്തിന്റെ അടിസ്ഥാന ഉറവിടങ്ങളുടെ പരിരക്ഷണത്തിനു വേണ്ടിയായിരിക്കണം. ഈ ഉറവിടങ്ങളെല്ലാം തന്നെ ഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. 1992 നും 2002നും മിടയിൽ രാജ്യത്തെ തണ്ണീർത്തടങ്ങളുടെ 38 ശതമാനം നഷ്ടപ്പെട്ടിട്ടുണ്ട്. 1999നും 2010നുമിടയിൽ മറ്റൊരു 20 ലക്ഷം ഹെക്ടറും. വർദ്ധിച്ചുവരുന്ന ജലദൗർലഭ്യത്തെ പിടിച്ചുനിർത്തണമെങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുക തന്നെവേണം. രാജ്യത്തെ മുഴുവൻ തണ്ണീർത്തടസ്രോതസ്സുകളും പുനരുദ്ധരിക്കാനായി അടിയന്തിരമായി ഒരു ദേശീയമിഷൻ ആരംഭിക്കേണ്ടിയിരിക്കുന്നു. അതിലേക്കാവശ്യമുള്ള സാമ്പത്തിക സഹായം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്താവുന്നതേയുള്ളു.

2. *ഒരു ദേശീയ തണ്ണീർത്തട രജിസ്റ്ററിന് രൂപം കൊടുക്കുന്നതിലേക്ക്* :

ജലത്തിന്റെ ഉറവിടസ്ഥലികളെക്കുറിച്ച് ഒരു കണക്കുകളും നമ്മുടെ കൈവശമില്ല എന്നത് അത്യന്തം സങ്കടകരമാണ്. അതീവപ്രാധാന്യത്തോടെ ചെയ്യേണ്ട സംഗതിയാണിത്. രാജ്യത്തെ ഓരോ തണ്ണീർത്തടത്തിനും വ്യത്യസ്ത നമ്പറുകൾ നൽകി, അതിന്റെ വ്യാപ്തിയും വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഓരോ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അതത് സ്ഥലത്തെ ജൈവവൈവിധ്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവയടങ്ങുന്ന വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ദേശീയ മൂലധനം എന്നു വിളിക്കാവുന്ന ഇത്തരം രജിസ്റ്ററുകൾ പഞ്ചായത്തിന്റെ കൈകളിലാണ് സൂക്ഷിക്കേണ്ടത്.

3. *ദേശീയ തണ്ണീർത്തട ജലകമ്മീഷന്റെ രൂപീകരണം*

രാജ്യത്തെ ജലസ്രോതസ്സുകളുടെ പരിരക്ഷണത്തിന് തെരഞ്ഞെടുപ്പുകമ്മീഷനെപ്പോലെ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതായുണ്ട്. തണ്ണീർത്തടപരിരക്ഷക്ക് രാജ്യത്ത് ഇന്നേവരെ ഫലപ്രദമായ ഒരു സംവിധാനവും നിലവിലില്ല. ദേശീയ തണ്ണീർത്തട ജലകമ്മീഷൻ ഈ കാര്യങ്ങൾ ഉറപ്പുവരുത്തണം :-

i) അരുവികൾ, കുളങ്ങൾ, തടാകങ്ങൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സൂക്ഷിപ്പ്.

ii) ഓരോ പൗരനും കുടിവെള്ളം ഉറപ്പുവരുത്തുക

iii) ഭക്ഷ്യസുരക്ഷക്കും ജീവന്റെ നിലനിൽപിനും ഉള്ള ജലം ഉറപ്പുവരുത്തുക

iv) അന്തർസംസ്ഥാന ജലതർക്കങ്ങൾ പരിഹരിക്കുക

v) ജലത്തിന്റെ വിതരണം

vi) ജലത്തെ അടിസ്ഥാനപ്പെടുത്തിയുള്ള എല്ലാ ജനകീയ പ്രവർത്തനങ്ങളുടേയും ഏകീകരണം.

സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷനെ പോലെ ഓരോ സംസ്ഥാനത്തും തണ്ണീർത്തട ജലകമ്മീഷനുകൾ ഉണ്ടാക്കണം. ജില്ലാ തലത്തിൽ ജില്ലാ കമ്മീഷനും അടിസ്ഥാനപ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി പഞ്ചായത്തുതലത്തിൽ ഒരു ഉന്നതാധികാരസമിതിയും വേണം. ദേശീയജലനയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവിധ നിർവഹണ സംവിധാനങ്ങൾ, ദേശീയ തലസമിതികൾ, കേന്ദ്രത്തിലെ സ്ഥിരം ജലട്രിബ്യൂണൽ തുടങ്ങിയവയൊന്നും ജലത്തിന്റെ സന്തുലിതമായ വിതരണത്തിനും ജലപരിരക്ഷക്ക് നേരെയുള്ള വെല്ലുവിളികൾക്കും കാര്യമായ പരിഹാരമാകുകയില്ല.

2010ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിൻ കീഴിൽ ഇപ്പോൾത്തന്നെ ഒരുകേന്ദ്രതണ്ണീർത്തട അതോറിറ്റി നിലവിലുണ്ട്. പരിസ്ഥിതി മന്ത്രാലയത്തിന്റെ സെക്രട്ടറി അധ്യക്ഷത വഹിക്കുന്ന ഈ സമിതി തണ്ണീർത്തടങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വ്യാപൃതരാണ്. ഒരു സർക്കാർ അതോറിറ്റിയുടെ എല്ലാ പരാധീനതകളും അതിനുണ്ട്. അതുകൊണ്ടാണ് അതേ അധികാരങ്ങളോടെയും തെരഞ്ഞെടുപ്പു കമ്മീഷന്റെ സ്വയംഭരണ സ്വഭാവത്തോടെയുമുള്ള മറ്റൊരു അതോറിറ്റി വേണമെന്ന് നിർദ്ദേശിക്കുന്നത്.

### ജലനയത്തിലെ ചില അഭിപ്രായങ്ങളോടുള്ള പ്രതികരണങ്ങൾ

*1. ജലദൗർലഭ്യത്തെക്കുറിച്ചുള്ള പൊതുധാരണക്കുറവാണ് ജലനഷ്ടത്തിനും ദുരുപയോഗത്തിനും കാരണം.*

ഇതു മുഴുവനായും ശരിയല്ല. കാരണം ജലദൗർലഭ്യമുള്ള ഒരു സ്ഥലത്ത് ഒരു പണക്കാരന് വെള്ളത്തിന് വലിയ വിലകൊടുത്ത് തന്റെ നീന്തൽക്കുളവും ജലധാരയും പുൽത്തകിടിയും ഗംഭീരമാക്കും. അതുപോലെ നാണ്യവിളകളുടെ പരിചരണത്തിന്, ധനാഢ്യനായ കർഷകന് കൂടിയ വിലക്ക് വെള്ളം വാങ്ങി അമിതചൂഷണം ചെയ്യാം. രാജ്യത്തെ മറ്റിടങ്ങളിൽ ഏറെക്കാലമായി പ്രചാരണത്തിലിരിക്കുന്ന ജലത്തിന്റെ സാമൂഹ്യ നിർവഹണ വിതരണ സമ്പ്രദായങ്ങളിൽ നിന്നും പാഠങ്ങൾ പഠിക്കേണ്ടതായുണ്ട്.

*2. കാലാവസ്ഥാവ്യതിയാനം (വെള്ളപ്പൊക്കം, വരൾച്ച) കാരണം ജലദൗർലഭ്യം കൂടിയ അളവിൽ സംഭവിക്കുന്നു.*

വെള്ളത്തിന്റെ കൂടിയ ദൗർലഭ്യത്തിന് മുഴുവനുമുള്ള കാരണമായി കാലാവസ്ഥാവ്യതിയാനത്തെ കണാൻ കഴിയില്ല. വനനശീകരണം, ഭീമൻ ഡാമുകൾ, ഭൂമിയുടെ ദുരുപയോഗം, വെള്ളത്തിന്റെ അമിതോപഭോഗം തുടങ്ങിയ മനുഷ്യന്റെ ഇടപെടലുകളാണ് ഇതിന്റെ മുഖ്യകാരണങ്ങൾ.

12. ശാസ്ത്രീയ ആസൂത്രണത്താൽ, പുത്തൻ സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തുന്നതിൽ അഭ്യസ്തവിദ്യരുടെ അഭാവം കൃത്യമായ ജലനിർവ്വഹണത്തെ വികലമാക്കുന്നു.

ഇത് ശരിയല്ല. സാംസ്കാരികമാ


യും പാരിസ്ഥിതികമായും സ്വീകരിക്കുന്ന അശാസ്ത്രീയമായ സാങ്കേതികവിദ്യയാണ് ഒരു ഉത്തമജലനിർവഹണ സംവിധാനത്തെ തകരാറിലാക്കുന്നത്. ചെലവു കുറഞ്ഞ, പരിസ്ഥിതിക്കും ജൈവവൈവിധ്യത്തിനും പരുക്കേൽപ്പിക്കാത്ത, ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും നടപ്പിലാക്കിയിട്ടുള്ള സമ്പ്രദായങ്ങൾ പരീക്ഷിച്ചു നോക്കാവുന്നതാണ്. (റെലിഗാൻ സിദ്ധി, ഹിവ്രെ ബസാർ – പൂന, തരുൺ ഭാരതി സംഘ് – രാജസ്ഥാൻ, സമാൻ പ്രഗതി സംയോഗ് – മധ്യപ്രദേശ്, സദ്ഗുരു ഫൗണ്ടേഷൻ – ഗുജറാത്ത്)

*3. ജലസ്രോതസ്സുകളുടെ ആസൂത്രണം, വികസനം, നിർവഹണം എന്നിവ സംയോജിത പരിസ്ഥിതി സഹായത്തോടെയും സാമൂഹിക, മാനുഷിക, സാമ്പത്തിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിലുമുള്ള ദേശീയ അവബോധത്തിൽ ഊന്നിയായിരിക്കണം.*

ഇത് പ്രാവർത്തികമാണെന്നു തോന്നുന്നില്ല. സാമ്പത്തിക ആവശ്യങ്ങൾ എപ്പോഴും കാലക്രമേണ ഉയർന്നുകൊണ്ടിരിക്കും, മനുഷ്യന്റെ ആവശ്യങ്ങളും. എന്നാൽ ജലലഭ്യത, വനനശീകരണം എന്നിവ കാരണം തണ്ണീർത്തടങ്ങൾ പോലെയുള്ള ജലസ്രോതസ്സുകൾ കുറഞ്ഞുകൊണ്ടിരിക്കും.

*4. കുടിവെള്ളത്തിനും പ്രാഥമികാവശ്യങ്ങൾക്കുമുപരിയായി ആവശ്യം വരുന്ന വെള്ളത്തെ സാമ്പത്തിക ഉല്പന്നമായി കണക്കാക്കണം. കൃത്യമായ ഉപയോഗത്തിനും പരിരക്ഷണം ഇതു സഹായിക്കും.*

സാമ്പത്തികോത്പന്നമായി ഒരിക്കലും വെള്ളത്തെ കണക്കാക്കാനാവില്ല. മനുഷ്യനുൾപ്പെടെ എല്ലാ ജീവജാലങ്ങളുടേയും മൗലികാവകാശമാണ് വെള്ളം. ജീവന്റെ സുരക്ഷ ഭരണഘടന വിഭാവനം ചെയ്യുന്നു. ജീവിക്കാനുള്ള അവകാശം ശുദ്ധമായ വെള്ളത്തിനും വായുവിനുമുള്ള അവകാശമാണെന്ന് സുപ്രീംകോടതിയും നിർദ്ദേശിക്കുന്നു. അതുകൊണ്ട് വെള്ളം ക്രയവിക്രയം ചെയ്യാവുന്നതല്ല. ജീവനും ഉപജീവനത്തിനുമായി വെള്ളം പ്രദാനം ചെയ്യുക എന്നത് സർക്കാരിന്റെ പരിപാവന ധർമ്മമാണ്. കൂടാതെ, ജലം വില്പനക്കു വയ്ക്കുന്നത്, ജലപരിരക്ഷക്ക് ദോഷം ചെയ്യും. ഇന്ത്യയെപ്പോലുള്ള അസന്തുലിതസമൂഹത്തിൽ, ഇത് വൻനാശങ്ങൾക്ക് വഴിയൊരുക്കും. കഴിവുള്ളവർക്ക് അനാവശ്യത്തിനും



അമിതോപഭോഗത്തിനുമായി ഇഷ്ടം പോലെ വെള്ളം ഉപയോഗിക്കാമല്ലോ!

*5. മനുഷ്യന്റെ നിലനിൽപ്പിനും പരിസ്ഥിതിക്കും ആവശ്യമുള്ള അളവിനുശേഷമുള്ള ജലം സാമ്പത്തികോത്പന്നമായി കണക്കാക്കി, ദരിദ്രരുടെ ഉപജീവനത്തിനും ദേശീയ ഭക്ഷ്യസുരക്ഷക്കും ഉന്നത പരിഗണന നല്കി ഉപയോഗിക്കേണ്ടതാണ്.*

ഈ പ്രസ്താവന കൃത്യമല്ല. അവസാനഭാഗം വ്യക്തമാക്കുന്നത്, ദരിദ്രരുടെ ഉന്നമനത്തിന് വെള്ളം ഉല്പന്നമായി കണക്കാക്കണമെന്നാണ്. അത് നീതികരിക്കാവാനില്ല.

*6. സുസ്ഥിരജീവിതത്തിനും പാരിസ്ഥിതിക ആവശ്യങ്ങൾക്കുമുപരിയായുള്ള വെള്ളം ഉല്പന്നമായി കണക്കാക്കി, കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് വിലയിട്ട് വിതരണം ചെയ്യണം. അത്തരം വിലകൾ സാമ്പത്തികതത്വങ്ങൾക്ക് അധിഷ്ഠിതമായിരിക്കണം.*

തീർത്തും അസ്വീകാര്യമാണിത്. സാമ്പത്തികതത്വങ്ങൾക്കനുസരിച്ച് വിലയിട്ട് വിപണനം ചെയ്യപ്പെടേണ്ട ഉല്പന്നമല്ല വെള്ളം. വില കൊടുത്ത് വാങ്ങാൻ ശേഷിയില്ലാത്ത പാവങ്ങൾക്ക് വെള്ളം നിഷേധിക്കുന്നതിന് ഇത് കാരണമാകും. അതേസമയം ധനാഢ്യർക്ക് പണം കൊടുത്ത് അമിതമായി ജലം വാങ്ങി ദുരുപയോഗം ചെയ്യാനും സഹായിക്കുന്നു. ദാരിദ്ര്യരേഖക്കു താഴെയുള്ള എല്ലാവർക്കും വെള്ളം സൗജന്യമായി ലഭ്യമാക്കണം. ഗ്രാമാന്തരങ്ങളിൽ പൈപ്പ്–ടാപ്പ് വിതരണഘടന നിരുത്സാഹപ്പെടുത്തണം. കുളങ്ങളും കിണറുകളും അരുവികളും യുദ്ധകാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്താനായി സംയോജിത പദ്ധതി ആവിഷ്കരിക്കണം.

*7. പ്രദേശികമായി കിട്ടുന്ന വെള്ളത്തെ അടിസ്ഥാനപ്പെടുത്തി ജീവിക്കാൻ സമൂഹത്തെ ഉദ്ബോധിപ്പിക്കണം. സാമൂഹ്യാടിസ്ഥാനത്തിലുള്ള ജലനിർവഹണം സ്ഥാപനവത്കരിക്കുകയും ഊർജ്ജിതപ്പെടുത്തുകയും വേണം.*

തീർച്ചയായും ജലനയം അപ്പാടെ ഈ നയത്തിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. എന്നാൽ സ്ഥാപനവത്കരണം എന്നത് സ്വകാര്യപങ്കളിത്തം എന്നതിലേക്കെത്തിക്കരുത്. തദ്ദേശീയ സമൂഹം മാത്രമേ ജലസ്രോതസ്സുകൾ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്നു വരണം.

*8. വെള്ളത്തിന്റെ മെച്ചപ്പെട്ട ഉപയോഗം ഉറപ്പാക്കുന്ന, മണ്ണൊലിപ്പ് തടയുന്ന, മണ്ണിനെ അഭിവൃത്തിപ്പെടുത്തുന്ന കാർഷിക പദ്ധതികൾ രൂപപ്പെടുത്തണം.*

ഏതുതരം കാർഷികപദ്ധതിയാണ് ഈ ആവശ്യങ്ങളെല്ലാം പരിഹരിക്കുന്നതെന്ന് ജലനയം തന്നെ രേഖപ്പെടുത്തണം. അതിനായി ദേശീയ ജൈവ/പാരിസ്ഥിതിക കൃഷിനയം രൂപപ്പെടുത്തണം. അമിത ജലഉപഭോഗം ആവശ്യപ്പെടുന്ന ജനിതകമാറ്റം വരുത്തിയ വിളകൾക്കെതിരെ കേന്ദ്രസർക്കാർ മോറട്ടോറിയം പ്രഖ്യാപിക്കണം.

*9. വെള്ളത്തിന്റെ ലഭ്യത നിയന്ത്രിതമാണ്. പക്ഷേ വെള്ളത്തിന്റെ ആവശ്യം അനുക്രമമായിക്കൊണ്ടിരിക്കുന്നു. ജനസംഖ്യ വർദ്ധനവും നഗരവത്കരണവും വ്യവസായ വളർച്ചയും സാമ്പത്തിക വികസനവുമൊക്കെ ഇതിനു കാരണമാകുന്നു. അതുകൊണ്ട് ഉപയോഗത്തിനുള്ള ജലത്തിന്റെ ലഭ്യത ഊർജ്ജിതപ്പെടുത്തി ജലത്തിന്റെ നിതാന്തമായ ആവശ്യകതയെ നേരിടണം.*

ജലത്തിന്റെ ലഭ്യത അനന്തമല്ല, നശ്വരമാണ് എന്ന വസ്തുത അംഗീകരിക്കുകയെന്നതാണ് പ്രാഥമികമായി വേണ്ടത്. അതുകൊണ്ട് വ്യവസായങ്ങളുടെ അന്തമില്ലാത്ത വികസനവും നഗരവത്കരണവും അനന്തമായ ജലസ്രോതസ്സുകൾ ആവശ്യപ്പെടുന്നു എന്നത് അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് വ്യത്യസ്തമായ ഈ ശൈലി കൂടിയേ തീരൂ. നമ്മുടെ വികസന മാതൃക തന്നെ പ്രകൃതി വിഭവങ്ങളുടെ ലഭ്യതക്ക്, പ്രത്യേകിച്ച് വെള്ളത്തിന്റേതിന് അനുസരിച്ച് പുനഃക്രമീകരിക്കേണ്ടതായുണ്ട്.